പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2068</u> 13.06.2019 ൽ <u>മറുപടിക്ക്</u>

## കൊണ്ടോട്ടി മണ്ഡലത്തിലെ ആർദ്രം പദ്ധതി

| | ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ കൊണ്ടോട്ടി മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) & (ബി) | ആർദ്രം പദ്ധതി നിലവിൽ വന്ന ശേഷം കൊണ്ടോട്ടി മണ്ഡലത്തിൽ കൊണ്ടോട്ടി സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രി ആയി ഉയർത്തുകയും താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.<br>1. സ്റ്റാഫ് നഴ്സ് - 4<br>2. ലാബ് ടെക്നീഷ്യൻ - 1<br>3. ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - 1<br>4. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 4<br>5. ആശുപത്രി അറ്റന്റന്റ് - 1<br>ആർദ്രം പദ്ധതിയുടെ ഭാഗമായി 2017-18 വർഷം പുളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി. ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഇതുകൂടാതെ എൻ.എച്ച്.എം.മുഖേന ഒരു ഡോക്ടറെയും ഒരു സ്റ്റാഫ് നേഴ്സിനെയും നിയമിച്ചിട്ടുണ്ട്. ടി കേന്ദ്രത്തിൽ വൈകുന്നേരം 6 മണിവരെ ഒ.പി.പ്രവർത്തിക്കുന്നുണ്ട്. രോഗികൾക്കുള്ള വെയിറ്റിംഗ് ഏരിയ, ഒ.പി.സൗകര്യം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.<br>രണ്ടാം ഘട്ടത്തിൽ 2018-19 വർഷം കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട്, വാഴയൂർ, ചെറുകാവ് എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. കൂടാതെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ആർദ്രം പദ്ധതിയിൽ കൊണ്ടോട്ടി മണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ ആരോഗ്യകേന്ദ്രങ്ങളിൽ അധികമായി ഏർപ്പെടുത്തിയ സൗകര്യങ്ങളും സംവിധാനങ്ങളും അറിയിക്കാമോ; | | |
| (സി) | ആർദ്രം പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിൽ തുടർന്ന് നടത്താനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ: | (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി |

<table>
<tr><td></td><td></td><td></td><td>കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ സ്വകാര്യതയോടു കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ. നഴ്സിംഗ് കൗൺസിലിംഗ്. പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കടിവെള്ള സൗകര്യം. ടോയ്‌ലറ്റ് സൗകര്യം. മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സ് പ്രീ ചെക്കം കൗൺസിലിങ്ങും, വൈകിട്ട് 6 മണി വരെ ഒ.പി. സേവനങ്ങൾ. ലബോറട്ടറി സൗകര്യം തുടങ്ങിയവ ലഭ്യമാകുന്നതാണ്.</td></tr>
<tr><td>(ഡി)</td><td>ആരോഗ്യ ഉപകേന്ദ്രങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ വേണ്ടി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;വിശദമാക്കുമോ?</td><td>(ഡി)</td><td>വാഴക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള വെട്ടത്തൂർ ഉപകേന്ദ്രം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നവീകരണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. കൂടാതെ കൊണ്ടോട്ടി മണ്ഡലത്തിൽ താഴെ പറയുന്ന ആരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനസ് സബ്സെന്ററായി ഉയർത്തുന്നതിനുവേണ്ടി തെരെഞ്ഞെടുത്തിട്ടുണ്ട്.
<table>
<tr><td></td><td>സബ്സെന്ററിന്റെ പേര്</td><td>ഗ്രാമപഞ്ചായത്തിന്റെ പേര്</td></tr>
<tr><td>1</td><td>പേങ്ങാട്</td><td>ചെറുകാവ്</td></tr>
<tr><td>2</td><td>വലിയപറമ്പ്</td><td>പുളിക്കൽ</td></tr>
<tr><td>3</td><td>പുതുക്കോട്</td><td>വാഴയൂർ</td></tr>
<tr><td>4</td><td>ഊർക്കടവ്</td><td>വാഴക്കാട്</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ